നം. CEE/4900/2015/ KEAM -2016/ TA.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2016- ലെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം
## കേരളാ ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന് കീഴിൽ വരുന്ന മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ 15% കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷകൾ ക്ഷണിയ്ക്കുന്നു

[ GO(Rt) No. 1623/2015/H&FWD dated: 30.05.2015]

മേൽ സർക്കാർ ഉത്തരവ് അനുസരിച്ച് കേരളാ ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന് കീഴിൽ വരുന്ന മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ ആകെ സീറ്റുകളുടെ 15% കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് കോളേജ് മാനേജ്മെന്റ് പ്രതിനിധാനം ചെയ്യുന്ന സമുദായത്തിൽ നിന്നും മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

| **Medical Colleges** | | | | |
|---|---|---|---|---|
| **Sl. No** | College Code | Name of Institution | Community of Candidates | Certificate Issuing Authority |
| 1. | AMC | Amala Institute of Medical Sciences, Amala Nagar, Thrissur | Syro-Malabar Catholic students | Fr.Julius Arakal, CMI,<br>Joint Director, Amala Institute of Medical Sciences, Amala Nagar, Thrissur |
| 2. | MMC | Malankara Orthodox Syrian Church Medical College, Kolenchery, Ernakulam | Malankara Orthodox Syrian | C.A. Aby George ACA, Manager-Finance, MOSC Medical College, Kolenchery |
| 3. | JMC | Jubilee Mission Medical Colleg & Research Institute, Bishop Alappat Road, P.B. No.737, Jubilee Mission P.O. Thrissur – 5 | Syro Malabar Catholic Students (RCSC) of Archdiocese of Thrissur (excluding Suffragan Dioceses) | V.Rev.Fr.Dominic Thalakkoden<br>Vice Chancellor,<br>Archeparchy of Thrissur, Archeparchial Curia, Arch Bishop's House, Thrissur |
| 4. | PMC | Pushpagiri Institute of Medical Sciences & Research Centre, Thiruvalla | Syro-Malankara Catholic students | Rev.Dr.Mathew Mazhavancheril, Director (Academics&Research), Pushpagiri Group of Institutions, Tiruvalla. |
| **Dental College** | | | | |
| 5. | PMD | Pushpagiri College of Dental Sciences, Medicity, Perumthuruthy, Tiruvalla | Syro-Malankara Catholic students | Rev.Dr.Mathew Mazhavancheril, Director (Academics&Research), Pushpagiri Group of Institutions, Tiruvalla. |

മേൽ പട്ടികയിൽ ചേർത്തിട്ടുള്ള കോളേജുകളിൽ 15% കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2016-Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Community Quota'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അതത് കോളേജിനു നേരെ നൽകിയിട്ടുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പ്രൊഫോർമയുടെയും വ്യക്തിഗത വിവരങ്ങളുടെ പ്രൊഫോർമയുടെയും പ്രിന്റൗട്ട് എടുത്ത് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം പൂരിപ്പിച്ച വ്യക്തിഗത വിവരങ്ങളുടെ പ്രൊഫോർമയോടൊപ്പം **2016 ആഗസ്റ്റ് 9 വൈകുന്നേരം 5 മണിക്ക് മുൻപായി** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

പ്രസ്തുത കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളെപ്പോലെ താല്പര്യമുള്ള എല്ലാ കോളേജുകളിലേയ്ക്കും പ്രവേശന പരീക്ഷാ കമ്മീഷണർ ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിയ്ക്കുന്ന സമയത്ത് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ യഥാസമയം രജിസ്റ്റർ ചെയ്യേണ്ടതാണ്.

തിരുവനന്തപുരം
03.08.2016

പ്രവേശന പരീക്ഷാ കമ്മീഷണർ